# പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ - ശ്രീ. ആർ ഷിബു)**

വിഷയം: പിന്നാക്ക വിഭാഗ വികസനം - അഭിഭാഷക ധനസഹായ പദ്ധതി-2017-18 - അഭിഭാഷകരുടെ കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാക്കുന്നു.

പരാമർശം : 1. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 20.07.2017 ലെ **BCDD/A1/2740/16(2)** നമ്പർ വിജ്ഞാപനം

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 20.07.2017 ലെ **BCDD/A1/2740/16(1)** നമ്പർ നടപടി ഉത്തരവ്

---

ഉത്തരവ് നം. **DDEKM/A2/202/17** തീയതി : 30.01.2018

---

ഇന്ത്യൻ നീതിന്യായ രംഗത്ത് സംസ്ഥാന പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാധിനിത്യം ഉറപ്പാക്കുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന അഭിഭാഷക ധനസഹായ പദ്ധതിയുടെ 2017-18 വർഷത്തെ അപേക്ഷ ക്ഷണിച്ചുകൊണ്ട് സൂചന 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. സൂചന 2 നടപടി ഉത്തരവ് പ്രകാരം 2017-18 വർഷം മുതൽ പദ്ധതിയുടെ നിർവ്വഹണ ചുമതല മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. എറണാകുളം മേഖലാ ആഫീസിന്റെ അധികാര പരിധിയിൽ വരുന്ന തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള 7 ജില്ലകളിൽ നിന്നുമായി ആകെ 54 അപേക്ഷകൾ ഈ ആഫീസിൽ ലഭ്യമായിട്ടുണ്ട്.

മേൽപ്രതിപാദിച്ച അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയതിൻമേൽ അപേക്ഷകർക്ക് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉള്ള പക്ഷം 10 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

Office of the Deputy Director
Regional Office Ernakulam
Backward Classes Devp. Dept.

ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ്)
Regional Deputy Director
Backward Classes Devp. Dept.
Civil Station, Kakkanad, Ernakulam-682030

പകർപ്പ്.

1. ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്. (ഉപരിപത്രം സഹിതം)
2. ഐ. ടി ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (പ്രസിദ്ധീകരണത്തിന്)
3. നോട്ടീസ് ബോർഡ്
4. കരുതൽ / അധികം

കെആർ
31.01.2018